**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2150** **07.07.2015 ൽ മറുപടിയ്ക്ക്**

**സംരംഭകത്വ സംസ്കാരവികസനം**

| ചോദ്യം<br>ശ്രീ.തോമസ് ഉണ്ണിയാടൻ | മറുപടി<br>ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കാൻ ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1.ലേൺ-ടു-കോഡ് പ്രോഗ്രാം: കേരളത്തിലെ വിദ്യാർത്ഥികളിൽ കമ്പ്യൂട്ടർ അവബോധം വ്യപകമാക്കുന്നതിനും അതുവഴി കേരളത്തെ ഭാവിയിൽ ഐ.റ്റി ഹബ്ബാക്കി മാറ്റുന്നതിനും കോഡിംഗ് വൈദഗ്ദ്ധ്യം വളർത്തുന്നതിനുമുള്ള ഒരു പദ്ധതിയാണ് "ലേൺ ടു കോഡ്". ഈ പദ്ധതി പ്രകാരം 2500 റാസ്ബറി പൈ കിറ്റുകളാണ് കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിയത്. അടിസ്ഥാനപരമായ പരിശീലനം നൽകി വിദ്യാർത്ഥികളിൽ പുതിയ ആശയങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള പ്രോത്സാഹനം നൽകാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു.<br>2.നേതൃത്വ പരിശീലന പരിപാടി: സംസ്ഥാന സർക്കാർ രൂപം നൽകിയ വിവിധ സംരംഭകത്വ പരിപാടികളിലൂടെയും സംരംഭകത്വ വികസന ക്ലബ്ബുകളിലൂടെയും വളർന്നു വന്ന വിവിധ വിദ്യാർത്ഥികളിൽ നേതൃത്വ പരിശീലന പാടവം വളർത്തുവാ |

നായി വിദേശ യൂണിവേഴ്സിറ്റികൾ സന്ദർശിക്കാൻ അവസരം ഒരുക്കുക എന്നതാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ഭാഗമായുള്ള നേതൃത്വ പരിശീലന പരിപാടികൾ(IIITM-K,NAASCOM 20-20), EMPRETEK വർക്ക് ഷോപ്പ്, മീറ്റ് ദി മെന്റർ തുടങ്ങിയ പരിപാടികൾ നടത്തി വരുന്നു.

3.അന്തർദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി: വിദ്യാർത്ഥികളെ വിവിധ അന്തർദേശീയ കോൺഫെറൻസുകളിൽ പങ്കെടുപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപം നൽകിയ പദ്ധതിയാണ് അന്തർ ദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി. 2013-14 ൽ 5 യുവ സംരംഭക വിദ്യാർഥികളെ സംസ്ഥാന സർക്കാർ സിലിക്കൺ വാലിയിലേക്ക് അയച്ചിരുന്നു. ആ പരിപാടിയിലൂടെ വിദ്യാർഥികളിൽ വന്ന മാറ്റത്തെ അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ 10-ഓളം യുവ വിദ്യാർത്ഥികളെ എല്ലാ വർഷവും സിലിക്കൺ വാലിയിലേക്ക് അയയ്ക്കുവാനും അവിടെ വിദ്യാർത്ഥികൾക്ക് എല്ലാ സൗകര്യങ്ങൾ ഒരുക്കുവാനുമായി ഒരു സിലിക്കൺ വാലി ലാൻഡ് പാഡ് ആരംഭിക്കുവാനും തീരുമാനമെടുത്തു.

4.സ്റ്റാർട്ട് അപ്പ് ബൂട്ട് ക്യാമ്പ് : കേരളത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുവാനും നൂതന ആശയങ്ങൾക്കു പ്രോത്സാഹനം നൽകുവാനുമായി സംസ്ഥാന സർക്കാർ രൂപം കൊടുത്ത പദ്ധതിയാണ് സ്റ്റാർട്ട് അപ്പ് ബൂട്ട് ക്യാമ്പ്. ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംരംഭകത്വ വികസന ക്ലബുകൾ ആരംഭിക്കാനുമാണ് ലക്ഷ്യമിടുന്നത്. 25 എഞ്ചിനീയറിംഗ് കോളേജുകളിൽ ബൂട്ട് ക്യാമ്പ് തുടങ്ങുകയും അവയുടെ നടത്തിപ്പിനായി ഒരു ലക്ഷം രൂപ വീതം നൽകുകയും ചെയ്തു.

5.ഫാബ് ലാബ് : ഇലക്ട്രോണിക്സ് മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും ഇതിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുവാനു മായി തിരുവനന്തപുരത്തെ ടെക്നോ പാർക്കിലും കൊച്ചിയിലെ കിൻഫ്രയിലും ഫാബ് ലാബുകൾ സ്ഥാപിക്കുവാനുമാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്തെ ടെക്നോപാർക്കിൽ ഫാബ് ലാബ് സ്ഥാപിച്ചു. കൊച്ചിയിലെ ഫാബ് ലാബ് സ്ഥാപിക്കുന്നതിനായുള്ള നടപടികൾ നടന്നു വരുന്നു.

6.സ്റ്റാർട്ട് അപ്പ് ബോക്സ് ക്യാമ്പയിൻ: കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ സംരംഭകരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ സംരംഭകത്വ പ്രചരണ പരിപാടി സംഘടി പ്പിക്കുവാനും വിദ്യാർത്ഥികൾക്ക് സ്റ്റാർട്ട് അപ്പ് ബോക്സുകൾ വിതരണം ചെയ്യുവാനുമായി രൂപം നൽകിയ പദ്ധതിയാണ് സ്റ്റാർട്ട് അപ്പ് ബോക്സ് ക്യാമ്പയിൻ. ഇതിന്റെ ഭാഗമായി 50 സ്റ്റാർട്ട് അപ് കിറ്റുകളുടെ വിതരണത്തിനാ യുള്ള നടപടികൾ നടന്നു വരുന്നു.

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗ രേഖകൾ വ്യക്തമാക്കാമോ ?

(ബി) കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജു കളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി വഴി വിദ്യാർത്ഥികൾക്ക് പുതിയ ആശയങ്ങൾ രൂപീകരിക്കുവാനും വിവിധ വ്യവസായ മേഖലകളുമായി പരിചയപ്പെടുവാനും അതുവഴി പുതിയ കമ്പനികൾ അവരുടെ ക്യാമ്പസിൽ തന്നെ ആരംഭിക്കാൻ കഴിയുന്നതുമാണ്. ബൂട്ട് ക്യാമ്പിന്റെ ഭാഗമാ യി വിവിധ ടെക്നിക്കൽ സെഷനുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയുവ നടത്താ റുണ്ട് . ക്ലബ്ബുകൾക്ക് ലഭ്യമാകുന്ന തുക വിവിധ

വർക്ക്ഷോപ്പ്, സെമിനാർ, ടെക്നിക്കൽ സെഷനുകൾ തുടങ്ങിയവ നടത്താനായി വിനിയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംരംഭകത്വ വികസന ക്ലബ്ബുകൾ തുടങ്ങാൻ താല്പര്യം ഉള്ള കോളേജുകൾ അവരുടെ കോളേജ് ലെറ്റർപാഡിൽ അപേക്ഷയും, അപേക്ഷാ ഫോറം, പ്രസ്തുത പദ്ധതിക്ക് കോളേജിൽ നേതൃത്വം നൽകുന്ന ആളുടെ വിവരങ്ങൾ എന്നിവയും നൽകേണ്ടതാണ്.

**സെക്ഷൻ ഓഫീസർ**